## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 122

27-02-2017 ൽ
മറുപടിയ്ക്ക്

### പത്രേതര ജീവനക്കാരായി സേവനം അനുഷ്ഠിച്ചിരുന്നവർക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. യു. പ്രതിഭ ഹരി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 2000 -ന് മുമ്പ് മാധ്യമമേഖലയിൽ പത്രേതര ജീവനക്കാരായി (Non Journalist) സേവനം അനുഷ്ഠിച്ചിരുന്നവർക്ക് പെൻഷൻ അനുവദിക്കുന്ന ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഉണ്ട്. 02-03-2016 ലെ സ.ഉ (കൈ) നം. 4/2016/ഐ&പി.ആർ പ്രകാരം 2000-ന മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെയും അതോടൊപ്പമുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

R.Jayasree
സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - 2000-ന് മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

സ.ഉ (കൈ) നം. 04/2016/ഐ&പി.ആർ തിരുവനന്തപുരം, തീയതി : 02-03-2016

---

പരാമർശം:- 4/2/2000 ലെ സ.ഉ (സാധാ) നം. 2/2000/പി.ആർ

ഉത്തരവ്

കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്ക് പരാമർശിത ഉത്തരവ് പ്രകാരം ഒരു പെൻഷൻ പദ്ധതി നടപ്പാക്കുകയുണ്ടായി. എന്നാൽ 2000-ന് മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ഇത് ബാധകമാക്കിയിരുന്നില്ല. 2015-16 ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ 2000-ന് മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ പത്രസ്ഥാപനങ്ങളിൽ നിന്നും 2000-ന് മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. ഈ പദ്ധതിക്ക് 01-01-2016 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കും.

2. പ്രസ്തുത പെൻഷൻ പദ്ധതിയിലേയ്ക്ക് അർഹരായവരുടെ അപേക്ഷകളും അനുബന്ധ രേഖകളും ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് വ്യക്തമായ ശിപാർശയോടുകൂടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. 30-4-2016-ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മേരി മെലനി നറ്റാർ
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ). കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (പി.ആർ)
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ)- Website-ൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്
ബഹു. ഐ&പി.ആർ. വകുപ്പ് മന്ത്രിയുടെ പി.എസ്
സെക്രട്ടറിയുടെ പി.എ/ ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടർ (ജനറൽ)ടെ സി.എ/ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ

## അനുബന്ധം

## 2000-ന്ന മുൻപ് വിരമിച്ച കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള പെൻഷൻ ക്ഷേമ പദ്ധതി - മാർഗ്ഗരേഖകൾ

1. ഈ മാർഗ്ഗരേഖകൾ 2000-ന്ന മുൻപ് വിരമിച്ച കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള പെൻഷൻ ക്ഷേമ പദ്ധതിക്കുള്ള മാർഗ്ഗരേഖകൾ എന്നറിയപ്പെടും.
2. ഈ പദ്ധതി, തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. പത്രപ്രവർത്തകേതര മേഖലയിൽ 2000 ന്ന മുൻപ് വിരമിച്ചിട്ടുള്ളതും, 10 വർഷമോ അതിലധികം വർഷമോ നോൺ ജേർണലിസ്റ്റായി റഗുലർ സർവ്വീസുള്ളവർക്കുമായി ഈ പദ്ധതി നിജപ്പെടുത്തിയിരിക്കുന്നു.
3. ഈ പദ്ധതിക്ക് 2016 ജനുവരി മാസം മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. പത്രപ്രവർത്തകേതര ജോലി ജീവിതമാർഗ്ഗമായി സ്വീകരിച്ചിരുന്നവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക.
4. പ്രതിമാസം 2000/- രൂപയാണ് പെൻഷൻ തുക.

## തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പത്രപ്രവർത്തകേതര ജോലിയിൽ നിന്നും 2000-ന്ന മുൻപ് പെൻഷൻ പറ്റി പിരിഞ്ഞവരായിരിക്കണം.
2. ഈ പദ്ധതിയിൽ അംഗമാകുന്നതിലേയ്ക്കായി നിലവിൽ പത്രപ്രവർത്തകേതര ജീവനക്കാരുടെ <u>പെൻഷൻ അപേക്ഷാ ഫോറം</u> ഉപയോഗിക്കാവുന്നതാണ്. അപേക്ഷാ ഫോറം ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ശിപാർശ സഹിതം ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.
3. ഈ പദ്ധതിയിൽ ചേരുന്നവർ ജനനത്തീയതി തെളിയിക്കുന്നതിനുള്ള രേഖ, അവർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള Employment Certificate എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി ഐ&പി.ആർ. വകുപ്പ മന്ത്രി ചെയർമാൻ, ഐ&പി.ആർ.ഡി സെക്രട്ടറി, ധനകാര്യ സെക്രട്ടറി,, തൊഴിൽ വകുപ്പ് സെക്രട്ടറി, പത്രപ്രവർത്തകേതര സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളായി ഒരു 9 അംഗ കമ്മിറ്റി ഉണ്ടായിരിക്കും. കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി മാത്രം പെൻഷൻ അനുവദിക്കുന്നതാണ്.
5. ഈ പദ്ധതിയുടെ കൺവീനർ പബ്ലിക് റിലേഷൻസ് ഡയറക്ടർ ആയിരിക്കും.
6. ധനസഹായം അനുവദിക്കുന്നതിലേയ്ക്കു വേണ്ടിവരുന്ന തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

Rjayum
സെക്ഷൻ ഓഫീസർ